D3AML2002 (2 Pages) Name:............................

Reg.No:........................

**THIRD SEMESTER M.A DEGREE EXAMINATION, NOVEMBER 2021**

**(Regular/Improvement/Supplementary)**

**മലയാളം**

## FMAL3C10:മലയാളസാഹിത്യവിമർശനം

**Time: 3 Hours** **Maximum Weightage: 30**

### ഭാഗം I: 1മുതൽ7വരെയുള്ളചോദ്യങ്ങൾക്ക്ഉത്തരംഎഴുതുക. ഓരോന്നിനും 2വെയ്റ്റേജ്വീതം. (പരമാവധി 6 വെയ്റ്റേജ്)

1. വിദ്യാവിനോദിനിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
2. രൂപഭദ്രതാവാദം എന്നാലെന്ത്?
3. കലയുടെ സൗന്ദര്യാവബോധപരമായസിദ്ധാന്തങ്ങൾക്ക് കാലാനുസൃതമായി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്" എന്ന് വക്കംഅബ്ദുൾ ഖാദർ വിശദീകരിക്കുന്നതെങ്ങനെ?
4. മലയാളത്തിലെ മന:ശാസ്ത്രനിരൂപണം പരിചയപ്പെടുത്തുക.
5. അനുകരണത്തെ സംബന്ധിച്ച് കുമാരനാശാൻ നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.
6. ഈ പുസ്തകത്തിന് 'സരസ്വതീ വിജയം' എന്നു മാത്രം പേരെഴുതിയിരുന്നെങ്കിൽഇത്രയൊന്നും പ്രസ്താവിക്കാൻ ഇടയില്ലായിരുന്നു. 'ഇംഗ്ലീഷ് നോവൽമാതിരിഎഴുതപ്പെട്ടിട്ടുള്ള ഒരു കഥ'എന്നുപറഞ്ഞതാണ്അബദ്ധമായത് , ഇതിന്റെ സാംഗത്യം പരിശോധിക്കുക.
7. 'മലയാള കവിതയുടെ പ്രാദേശികമായ മുഗ്ദതപൂതപ്പാട്ടിലെ ഭാഷയിലും അർത്ഥത്തിലും മറ്റും കാണാം'എന്ന എം.പി. ശങ്കുണ്ണി നായരുടെ നിരീക്ഷണം വിശകലനം ചെയ്യുക.

### ഭാഗം II: 8മുതൽ14വരെയുള്ളചോദ്യങ്ങൾക്ക്ഉത്തരംഎഴുതുക. ഓരോന്നിനും4വെയ്റ്റേജ്വീതം. (പരമാവധി12വെയ്റ്റേജ്)

8. പ്രാസവാദം നമ്മുടെ സാഹിത്യവിമർശനചരിത്രത്തിൽ ചെലുത്തിയ സ്വാധീനമെന്താണ്?
9. "പ്രകൃതി മാനുഷികതയുടെ അനുബന്ധമായിത്തീരുകയാണ് രവിവർമ്മ ചിത്രങ്ങളിൽ" – വിശദീകരിക്കുക.

(തുടർച്ച...2)

10.‘ഇന്ദുലേഖ’യിലെമുസ്ലിംപ്രതിനിധാനങ്ങളെഎം. ടി. അൻസാരിവിമർശന വിധേയമാക്കുന്നതെങ്ങനെയെന്ന്പരിശോധിക്കുക.

11. സ്ത്രീവാദ നിരൂപണത്തിന്റെ സാധ്യതകളും പരിമിതികളും എന്തൊക്കെയാണ്?

12. "ഗ്രന്ഥത്തിന്റെ ഗുണദോഷം ഓർക്കാതെ ഗ്രന്ഥകാരൻ ആരാണെന്നു മാത്രം നോക്കുന്നത് വലിയ തെറ്റാണ്’’. ഇത്ആദ്യകാല മലയാളവിമർശനത്തിന്റെ ശോചനീയാവസ്ഥയെ തുറന്നു കാട്ടുന്നു. ശരിയോ?

13. സി.വി. രാമൻപിള്ളയുടെ'ധർമ്മരാജ'ക്കെതിരെകെ.രാമകൃഷ്ണപിള്ളഉന്നയിക്കുന്ന പ്രധാനവിമർശനങ്ങൾസംഗ്രഹിക്കുക.

14. കലയിലെ ഫ്യൂച്ചറിസം എന്താണ്?

**ഭാഗം III:15മുതൽ18വരെയുള്ളചോദ്യങ്ങൾക്ക്ഉത്തരംഎഴുതുക. ഓരോന്നിനും6വെയ്റ്റേജ്വീതം. (പരമാവധി12വെയ്റ്റേജ്)**

15.സാഹിത്യ നിരൂപണത്തിൽ നിസ്സംഗത്വത്തോടെയുള്ള വസ്തുനിഷ്ഠവും നിഷ്പക്ഷവുമായ നിരൂപണം സാധ്യമല്ല എന്ന് കുട്ടികൃഷ്ണമാരാർസ്ഥാപിക്കുന്നതെങ്ങനെ?

16. കവിത സാമാന്യഭാഷയുടെ വക്രീകരണവും പദാദികളുടെ പ്രത്യേകരൂപത്തിലുള്ള പുരഃക്ഷേപണവുമാണെന്ന ആശയം കെ. എൻ. എഴുത്തച്ഛൻ സമർത്ഥിക്കുന്നതെങ്ങനെ?

17.സച്ചിദാനന്ദന്റെയും കെ. ജി. ശങ്കരപ്പിള്ളയുടെയും പിൽക്കാല കവിതകളെ നരേന്ദ്രപ്രസാദ് വിമർശിക്കുന്നതെങ്ങനെ?

18.നവോത്ഥാനകാലനോവലുകളിൽനിന്ന് ആധുനിക നോവലുകൾ ഏതെല്ലാം തലങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് കെ.പി. അപ്പന്റെ ലേഖനം മുൻനിർത്തി ചർച്ച ചെയ്യുക.